എമ്മാവൂസ്
# വചനദൂത്



# വിശുദ്ധമായത് അശുദ്ധമാക്കരുത്

പള്ളിക്കൂദാശക്കാലം മൂന്നാം ഞായർ യോഹ 2:13–22

Vol.22 / Issue - 22 / 19 Nov 2017

ബ്ര. ജോബി തെക്കേടത്ത്

നവരാത്രി ആഘോഷത്തിന് മുന്നോടിയായി ബ്രാഹ്മണ സഹോദരങ്ങൾ തങ്ങളുടെ ഭവനവും പരിസരവും വൃത്തിയാക്കി മുറ്റത്ത് കളം വരയ്ക്കുന്ന ഒരു പതിവുണ്ട്. ഈശ്വരനെ തങ്ങളുടെ ഭവനത്തിലേയ്ക്ക് ക്ഷണിച്ചുകൊണ്ട് അവർ തങ്ങളെത്തന്നെയും ഒപ്പം ചുറ്റുവട്ടവും ഏറ്റം വൃത്തിയായി സൂക്ഷിക്കുന്നു. പരിശുദ്ധമായ സ്ഥലത്തേ ഈശ്വരന്റെ സാന്നിധ്യമുള്ളൂ എന്ന തിരിച്ചറിവാണ് അവരെ ഇപ്രകാരം ചെയ്യാൻ പ്രേരിപ്പിക്കുന്നത്.

ഇന്നത്തെ തിരുവചനഭാഗം ദേവാലയം ശുദ്ധീകരിക്കുന്ന ഈശോയെയാണ് തിരുസഭാമാതാവ് നമ്മുടെ ധ്യാനത്തിനും വിചിന്തനത്തിനുമായി അവതരിപ്പിക്കുന്നത്. നാലുസുവിശേഷകന്മാരും സൂചിപ്പിച്ചിട്ടുള്ള ഒന്നാണ് ഈശോയുടെ ദേവാലയ ശുദ്ധീകരണം. സമാന്തര സുവിശേഷങ്ങൾ തങ്ങളുടെ അവസാന ഭാഗത്ത് ഇതു ചേർക്കുമ്പോൾ യോഹന്നാൻ ശ്ലീഹാ തന്റെ സുവിശേഷത്തിന്റെ ആദ്യഭാഗത്താണ് ഇത് രേഖപ്പെടുത്തിയിരിക്കുന്നത്.

ഇന്നത്തെ തിരുവചനഭാഗം നമ്മുടെ ധ്യാന വിഷയമാക്കുമ്പോൾ, ഒരുപക്ഷേ ചിലരുടെയെങ്കിലും മനസിൽ അത്ഭുതം ഉളവായേക്കാം. ശാന്തശീലനും വിനീതഹൃദയനുമായ ഈശോയിൽ നിന്ന് എന്തുകൊണ്ടാണ് ഇത്തരമൊരു സമീപനം. പഴയ നിയമത്തിൽ ലേവ്യരുടെ പുസ്തകം 11:45-ൽ ദൈവമായ കർത്താവ് തന്റെ ജനമായ ഇസ്രായേലിനോട് ഇപ്രകാരം അരുളിചെയ്യുന്നുണ്ട്: 'നിങ്ങൾ പരിശുദ്ധരായിരിക്കുവിൻ. എന്തെന്നാൽ, ഞാൻ പരിശുദ്ധനാണ്.' വി. ഗ്രന്ഥവും ദൈവത്തോട് തുലനം ചെയ്യുന്നത് പരിശുദ്ധിയാണ്. കൂടുതൽ ആഴത്തിൽ ചിന്തിക്കുകയാണെങ്കിൽ ദൈവത്തിന്റെ സ്വഭാവം തന്നെ പരിശുദ്ധിയാണ്. സുവിശേഷഭാഗത്ത് ദൈവത്തിനായ് പ്രതിഷ്ഠിക്കപ്പെട്ട ആലയത്തിൽ അതിനു ചേരാത്തതായ പ്രവൃത്തികൾ കാണുമ്പോൾ അതിനെതിരെ പ്രതികരിക്കുന്ന ദൈവപുത്രനെയാണ് യോഹന്നാൻ സുവിശേഷകൻ നമുക്ക് മുമ്പിൽ വരച്ചു കാട്ടുന്നത്. ദൈവപുത്രനായ ഈശോമിശിഹായുടെ മാനുഷികമായ ഒരു സമീപനവും ദൈവീകമായ ഒരു സമീപനവും ഒപ്പം ചില ദൈവീക സത്യങ്ങളും അവിടുന്ന് വെളിപ്പെടുത്തുന്നു.

മിശിഹായുടെ മാനുഷികമായ ഒരു സമീപനം നമുക്കൊന്ന് വിചിന്തനം ചെയ്യാം. ഇവിടെ ദൈവാല

യത്തിൽ നടക്കാൻ പാടില്ലാത്തത് സംഭവിക്കുന്നു. പെസഹാക്കാലത്ത് ജറുസലെം ദേവാലയത്തിൽ ലോകത്തിന്റെ വിവിധഭാഗങ്ങളിൽ നിന്ന് ആരാധനയ്ക്കും പ്രാർത്ഥനയ്ക്കുമായി ജനങ്ങൾ വന്നിരുന്നു. നമ്മുടെ നാട്ടിൻപുറങ്ങളിൽ പള്ളിപ്പെരുന്നാളുകൾ നടക്കുമ്പോൾ കച്ചവടക്കാർ വരുന്നതുപോലെ തന്നെ ഇവിടെ കച്ചവടം നടത്തുന്നത് പുറത്തല്ല, മറിച്ച് അകത്താണ് - ദേവാലത്തിനകത്ത്. പെസഹാക്കാലത്ത് ധാരാളം മൃഗബലികൾ നടക്കുന്നതിനാൽ കാള, ആട്, പ്രാവ് തുടങ്ങിയ മൃഗങ്ങളായിരുന്നു കൂടുതൽ. ഇവയെല്ലാം അവിടെ നിന്നുപുറത്താക്കുന്നതുവഴി താനാണ് അർപ്പിക്കപ്പെടാൻ പോകുന്ന കുഞ്ഞാട് എന്ന വ്യക്തമായ സൂചന ഈശോ നൽകുകയാണ്. ഒപ്പം ദൈവാലയത്തിന്റെ പവിത്രത നഷ്ടപ്പെടുത്തുന്ന ഇത്തരം അനീതിയെ ഈശോ കർശനമായി എതിർക്കുന്നു. അനീതിയ്ക്കെതിരെ നിരാകരിക്കുന്ന മിശിഹായുടെ മാനുഷികഭാവത്തെ സുവിശേഷകൻ ഇവിടെ അനാവരണം ചെയ്യുന്നു.

ഒരു ക്രിസ്തുശിഷ്യൻ സ്വന്തമാക്കേണ്ട മനോഭാവമാണ് ഈശോയുടേത്. ലോകത്തെ നേരായ പാതയിൽ ചരിക്കുവാൻ, നീതിയും സമാധാനവും കരകവിയുന്ന സ്വർഗ്ഗമാക്കി ഈ ഭൂമിയെ രൂപപ്പെടുത്താൻ ഒരുവൻ ദൈവത്താൽ തെരഞ്ഞെടുക്കപ്പെട്ടവനാണ്.

ചിലപ്പോഴെങ്കിലും നമ്മുടെ ദേവാലയങ്ങളും കച്ചവടസ്ഥലമാക്കപ്പെട്ട ജറുസലേം ദേവാലയം പോലെ ആയിത്തീരാറുണ്ട്. ഒരുദാഹരണം പറഞ്ഞാൽ ഒരു തിരുപ്പട്ടമോ, വിവാഹമോ കഴിഞ്ഞശേഷം ദേവാലയം കണ്ടാൽ ഒരു വലിയ പൂക്കടയിലേക്കു നോക്കുന്ന പ്രതീതിയാണ്. തിരുക്കർമ്മങ്ങൾക്കിടയിൽപോലും ഫോട്ടോഗ്രാഫേഴ്സും മറ്റുള്ളവരും വിശുദ്ധ സ്ഥലത്തൂടെ പോലും ഓടിനടക്കുന്നു. എല്ലാ മനുഷ്യരുടെയും ശ്രദ്ധ അവിടുത്തെ അലങ്കാരങ്ങളിലോ അതുപോലെ മറ്റു പല പ്രവർത്തികളിലുമായിരിക്കും. പതിനായിരക്കണക്കിന് രൂപ വില വരുന്ന പൂക്കളും മറ്റ് അലങ്കാര വസ്തുക്കളും ദേവാലയം മോടിപിടിപ്പിക്കുമ്പോൾ പ്രിയ സഹോദരാ, സഹോദരി നീ ഓർക്കുക അറിയാതെയാണെങ്കിലും ദേവാലയത്തെ ഒരു കച്ചവടസ്ഥലമായും പ്രദർശനവസ്തുവായും മാറ്റുന്നു. ഒന്നും വേണ്ട എന്നല്ല ഇവിടെ വിവക്ഷിക്കുന്നത്. മറിച്ച് ദേവാലയത്തെക്കാൾ പ്രാധാന്യം മറ്റൊന്നിനും നാം നൽകരുതെന്നാണ്.

മിശിഹായുടെ ദൈവീകമായ സമീപനത്തെയും ഇവിടെ നാം കൂട്ടിച്ചേർത്ത് ധ്യാനിക്കേണ്ടതാണ്. 'എന്റെ പിതാവിന്റെ ആലയം നീ കച്ചവട സ്ഥലമാക്കരുത്' (2:16). ഈശോയുടെ ഈ വചനം പൗലോസ് ശ്ലീഹായുടെ ലേഖനവുമായി ചേർത്തു വായിക്കുമ്പോൾ ഈ ആലയം ദൈവം വസിക്കുന്ന നമ്മുടെ ശരീരങ്ങൾ തന്നെയാണ്. കോറിന്തോസുകാർക്കെഴുതിയ ഒന്നാം ലേഖനം 3-ാം അധ്യായം 16:17 തുരവചനങ്ങൾ ഇപ്രകാരം പറയുന്നു: 'നിങ്ങൾ ദൈവത്തിന്റെ ആലയമാണെന്നും ദൈവാത്മാവ് നിങ്ങളിൽ വസിക്കുന്നുവെന്നും നിങ്ങൾ അറിയുന്നില്ലേ? എന്തെന്നാൽ ദൈവത്തിന്റെ ആലയം പരിശുദ്ധമാണ്; ആ ആലയം നിങ്ങൾ തന്നെ.' ദൈവം വസിക്കുന്ന നമ്മുടെ ശരീരത്തെ മാന്യതയിലും വിശുദ്ധിയിലും കാത്തു സൂക്ഷിക്കാതിരിക്കുമ്പോൾ ഓർമ്മിക്കുക; നമ്മുടെ ശരീരത്തെ ഈ ലോകത്തിൽ ഒരു കച്ചവടസ്ഥലമാക്കുന്നു. അന്ത്യദിനത്തിൽ അവിടുത്തോടൊപ്പം മഹത്വം പ്രാപിക്കേണ്ട ഈ ശരീരം വിശുദ്ധിയിൽ കാത്തുസൂക്ഷിക്കണം.

അവസാനമായി ഈശോ തന്നെക്കുറിച്ചുള്ള സാക്ഷ്യം യഹൂദരുടെ ചോദ്യത്തിനു മറുപടിയായി പറയുന്നു. യേശു മറുപടി പറഞ്ഞു: 'നിങ്ങൾ ഈ ദേവാലയം നശിപ്പിക്കുക, മൂന്നുദിവസത്തിനകം ഞാനത് പുനരുദ്ധരിക്കും.' മാത്സര്യമനോഭാവവും ആത്മീയതയും നിറഞ്ഞുനിന്ന യഹൂദർക്ക് ഈശോ എന്താണ് അക്ഷരാർത്ഥത്തിൽ ഉദ്ദേശിച്ചതെന്ന് മനസ്സിലായില്ല. രാവും പകലും തന്നോടൊപ്പമായിരിക്കുന്ന ശിഷ്യർക്കുപോലും ഈ രഹസ്യം മനസ്സിലായില്ല. അവിടുത്തെ ഉത്ഥാനത്തിനുശേഷമാണ് അവർപോലും ഈ വചനത്തിന്റെ പൊരുൾ മനസ്സിലാക്കിയത്.

തമ്പുരാനോട് ഹൃദയം കൊണ്ട് ഐക്യപ്പെടുന്നവർക്കുമാത്രമേ അവിടുത്തെ രഹസ്യങ്ങൾ മനസ്സിലാകുകയുള്ളൂ. ബാഹ്യമായി നാം എന്തൊക്കെ ചെയ്താലും ഹൃദയത്തിൽ അവന് സ്ഥാനമില്ലെങ്കിൽ നാളെ യഹൂദരുടെയും ശിഷ്യരുടെയും സ്ഥാനത്ത് നാം ഓരോരുത്തരും എണ്ണപ്പെടും. പള്ളിക്കൂദാശാക്കാലത്തിലെ മൂന്നാം ഞായറാഴ്ചയിലെ ഈ സുവിശേഷഭാഗം നമ്മെ ഓർമ്മപ്പെടുത്തുന്നത് ഹൃദയമാകുന്ന ദൈവാലയം ശുദ്ധീകരിച്ച് ഈശോയുടെ വചനങ്ങൾക്ക് കാതോർക്കാനാണ്. ഏകദേശം 10 ദിവസങ്ങൾ കൂടി പിന്നിട്ടാൻ നാം 25 നോമ്പിലേക്ക് പ്രവേശിക്കും. അതിനാൽ രക്ഷകനെ സ്വീകരിക്കാൻ നമ്മുടെ ശരീരത്തെയും ആത്മാവിനെയും വിശുദ്ധിയോടെ ഒരുക്കി നമുക്ക് കാത്തിരിക്കാം. അവിടുന്ന് തീർച്ചയായും എന്റെ ഹൃദയം തന്റെ ആലയമായി സ്വീകരിക്കും എന്ന പ്രത്യാശയോടെ... ◆